"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് അധികമായി ചിലവായ തുക ഗ്രാമപഞ്ചായത്തിന്റെ തനത്/വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.202/2026/LSGD തീയതി,തിരുവനന്തപുരം, 26-01-2026

---

പരാമർശം:-
1. 19.02.2024-ലെ സ.ഉ.(സാധാ)405/2024/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
2. 05.11.2025 ലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/20033/2025-DPLC2 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിൽ 2024 - 25 സാമ്പത്തിക വർഷത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായമായതിനാൽ 05.03.2024 മുതൽ 19.05.2024 വരെ ജി.പി.എസ്. ഘടിപ്പിച്ച രണ്ട് ടാങ്കറുകളിലായി 10000 ലിറ്ററിന് 98/- രൂപ നിരക്കിൽ കുടിവെള്ളവിതരണം നടത്തിയതിന് ചെലവായ 15,91,667/- രൂപയും 5000 ലിറ്ററിന് 78/- രൂപ നിരക്കിൽ കുടിവെള്ളവിതരണം നടത്തിയതിന് ചെലവായ 12,88,630/- രൂപയും ഉൾപ്പെടെ ആകെ 28,80,297/- രൂപ ചെലവ് വന്നുവെന്നും, ആയതിലേക്ക് ധനകാര്യ കമ്മീഷൻ ഫണ്ട്, വികസനഫണ്ട് എന്നിവ ചേർത്ത് 18 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണെന്നും വെണ്മണി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, പരാമർശം 1 ലെ ഉത്തരവ് പ്രകാരം കുടിവെള്ളവിതരണം നടത്തുന്നതിന് പഞ്ചായത്തിന് മാർച്ച് മാസം 6 ലക്ഷം രൂപയും ഏപ്രിൽ, മെയ് മാസം 12 ലക്ഷം രൂപയുമാണ് ചെലവഴിക്കാൻ അനുമതിയുള്ളതെന്നും ഇതു പ്രകാരം 17,91,298/- രൂപ കരാറുകാരന് നൽകിയിട്ടുണ്ടെന്നും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ സർക്കാർ ഉത്തരവിൽ അധികമായി ചെലവായ 10,88,999/- രൂപ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും കരാറുകാരന് അനുവദിക്കുന്നതിനുള്ള അനുമതിക്കായി ഭരണസമിതി തീരുമാനം, ടെണ്ടർ നടപടി, വാഹനത്തിന്റെ ജി.പി.എസ്. റിപ്പോർട്ട്, കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമായിട്ടുള്ള ടിപ്പ് ഷീറ്റ്, എന്നിവ സഹിതം ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും വെണ്മണി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ അനുബന്ധരേഖകളുടെ അടിസ്ഥാനത്തിലും പരാമർശം 1 ലെ സർക്കാർ ഉത്തരവിൽ അധികമായി

ചെലവായ **10,88,999/-** രൂപ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നു പരാമർശം **2** പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും, വെണ്മണി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെയും, വെണ്മണി ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിൽ **2024 - 25** സാമ്പത്തിക വർഷത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ **05.03.2024** മുതൽ **19.05.2024** വരെ കുടിവെള്ള വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് അനുവദനീയമായ തുകയിൽ അധികരിച്ചു ചെലവായ **10,88,999/-** രൂപ (പത്ത് ലക്ഷത്തി എൺപത്തിയെട്ട് ലക്ഷത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം), ചെലവ് ആധികാരികത വെണ്മണി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പാകേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശിത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും തുക ഗ്രാമപഞ്ചായത്തിന്റെ തനത്/ വികസനഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് വെണ്മണി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്: -
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, വെണ്മണി ഗ്രാമ പഞ്ചായത്ത് , ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ ആഡിറ്റ്2) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ഓഫിസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 27-01-2026 11:09:57